(ഡി) സ്റ്റൈപ്പന്റ് നൽകുന്നകാര്യത്തിൽ സ്ഥാപനത്തിന്റെ പദവിക്ക് പ്രസക്തിയില്ലെന്നുള്ള ഹൈക്കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പി.ജി. വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് നൽകാതിരിക്കുന്ന മാനേജ്മെന്റുകൾ ഏതൊക്കെയാണ് ; ഇവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) സ്റ്റൈപ്പന്റ് നൽകുന്നില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2015-16 അക്കാഡമിക വർഷം മുതൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ മെഡിക്കൽ കോളേജുകളിൽ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്റ്റൈപ്പന്റ് ഉകതന്നെ സ്വാശ്രയ മാനേജ്മെന്റുകളും നൽകുന്നതാണ് എന്ന കാര്യം സർക്കാർ ഉറപ്പ് വരുത്തിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഉത്തരം (എ) (ബി) എന്നിവയുടെ വെളിച്ചത്തിൽ ബാധകമല്ല.

മെഡിക്കൽ എയ്ഡഡ് മേഖലയിൽ കോഴ്സുകൾ ആരംഭിക്കുന്നതിന് അനുമതി

140 (805) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ മെഡിക്കൽ എയ്ഡഡ് മേഖലയിൽ ഏതെല്ലാം സ്ഥാപനങ്ങൾക്ക് ഏതെല്ലാം കോഴ്സുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട് ; ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ ?

ഉത്തരം

മെഡിക്കൽ വിദ്യാഭ്യാസവകുപ്പിന്റെകീഴിൽ മെഡിക്കൽ എയ്ഡഡ് മേഖലയിൽ സ്ഥാപനങ്ങൾ തുടങ്ങിയിട്ടില്ല.

കോഴിക്കോട് മെഡിക്കൽ കോളേജിലെ സൗകര്യങ്ങൾ

141 (806) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിൽ ഏതൊക്കെ വകുപ്പുകളാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly